(സി) 2011-12 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പണിയെടുത്ത 104549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000 രൂപാ വീതം ആകെ 10,45,49,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 100, ദിവസം പണിയെടുത്ത എല്ലാ സ്ത്രീ തൊഴിലാളികൾക്കും 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്ത ഇനത്തിൽ 13.61 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

40 (1414) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വിതരണം ചെയ്യാനുള്ള കൂലിയിൽ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 9-2-2016-ലെ കണക്ക് പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ 136.93 കോടി രൂപ കുടിശ്ശികയുണ്ട്.

(ബി) 1-1-2016 മുതൽ വേതന വിതരണം കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്ന നാഷണൽ ഇലക്ട്രോണിക് മാനേജ്മെന്റ് സംവിധാനമാണ് നടപ്പിലാക്കിവരുന്നത്. ഈ സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകൾ ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് 48 മണിക്കൂറിനുള്ളിൽ വേതന വിതരണം നടത്തുന്നതിനുള്ള ചുമതല കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.

അട്ടപ്പാടിയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

41 (1415) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും കഴിഞ്ഞ അഞ്ചുവർഷം ഏതെല്ലാം സംഘടനകൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ സംഘടനയും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

42 (1416) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമവികസന വകുപ്പ് തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വിവരം ലഭ്യമാക്കുമോ?

ഉത്തരം

നടപ്പാക്കിയ പദ്ധതികൾ	ചെലവഴിച്ച തുക
ഇന്ദിരാ ആവാസ് യോജന	11,23,07,000
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	11,56,58,000
മഹിളാ കിസാൻ സശാക്തികരൺ പരിയോജന	16,90,000

പി.എം.ജി.എസ്.വൈ-2

43 (1417) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-2 പ്രകാരം 2013-ൽ സംസ്ഥാനത്തിന് അനുവദിച്ച 570 കി.മീ. റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ, കണ്ണൂർ ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പേരു വിവരം അറിയിക്കുമോ;

(ബി) ഡി.പി.ആർ. സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്ന് സമർപ്പിക്കാൻ സാധിക്കും?

LIBRARY ARCHIVES Kerala Legislative Assembly